മലപ്പുറം ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറം പൂട്ടിയിട്ട നടപടി

298 [1197] *ശ്രീ. കെ. എൻ. എ. ഖാദർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറം 2004 മുതൽ തുടർച്ചയായി പൂട്ടിയിടേണ്ടിവന്നത് അവിടെ പ്രസിഡന്റിനെ നിയമിക്കാത്തതു കൊണ്ടാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസിഡന്റിനെ നിയമിക്കുവാനും ഫോറം തുറന്ന് പ്രവർത്തിപ്പിക്കുവാനും എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) വളരെയേറെ ജനങ്ങൾക്ക് പ്രയാസം സൃഷ്ടിക്കുന്ന ഈ സാഹചര്യം ഉളവായതിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)—(സി) മലപ്പുറം ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിലെ പ്രസിഡന്റിന്റെ തസ്തിക 15-10-2003 മുതലും ഒരു മെമ്പറുടെ തസ്തിക 28-1-2004 മുതലും ഒഴിഞ്ഞുകിടക്കുകയാണ്. 9-9-2004-ലെ സർക്കാർ നോട്ടിഫിക്കേഷൻ പ്രകാരം കോഴിക്കോട് ജില്ലാ ഫോറം പ്രസിഡന്റായിരുന്ന ശ്രീ. ജലാലുദ്ദീൻ റാവുത്തറെ മലപ്പുറത്ത് പ്രസിഡന്റായി നിയമിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. ജലാലുദ്ദീൻ റാവുത്തർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ ഹൈക്കോടതിയുടെ 2-12-2004-ലെ വിധിപ്രകാരം ശ്രീ. ജലാലുദ്ദീൻ റാവുത്തറുടെ മലപ്പുറത്തുനിന്നും കോഴിക്കോട്ടേക്ക് സ്ഥലം മാറ്റത്തിനുള്ള അപേക്ഷ നിയമപരമായി പരിശോധിച്ച് പരിഗണിക്കണമെന്ന് കോടതി നിർദ്ദേശിച്ചിരുന്നു. സർക്കാർ ഈ കാര്യം പരിശോധിക്കുകയും ശ്രീ. ജലാലുദ്ദീൻ റാവുത്തറുടെ കേഴിക്കോട്ടേക്ക് സ്ഥലംമാറ്റത്തിനുള്ള അപേക്ഷ 1-2-2005-ൽ നിരസിക്കുകയുണ്ടായി.

സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉപഭോക്തൃ തർക്കപരിഹാര ഏജൻസികളിൽ നിയമനം നടത്തുന്നത് സംബ്ധിച്ച് ഒരു സന്നദ്ധ ഉപഭോക്തൃ സംഘടനയായ കോൺഫെഡറേഷൻ ഓഫ് കൺസ്യൂമർ റിജിലൻസ് സെന്റർ ഫയൽ ചെയ്ത മറ്റൊരു കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധി തീർപ്പ് കൽപ്പിക്കാനുള്ളതിനാൽ തർക്ക പരിഹാര ഏജൻസികളിൽ നിയമനം തടസ്സപ്പെട്ടിരിക്കുകയാണ്. മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലാ ഫോറത്തിൽ രണ്ടംഗങ്ങളില്ലാത്തതിനാൽ കേസ് വിചാരണ നടക്കുന്നില്ല. കേസുകൾ ഫയലിൽ സ്വീകരിക്കുകയും കക്ഷികൾക്ക് നോട്ടീസ് അയയ്ക്കുകയും മറ്റുമുള്ള നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly